DESPATCHED On..16/4/22.

31.03.22



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2561603, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No.1584(4)/2020/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നം.6995/എസ്.ഐ.സി–ജി 2/2020)**
**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**
**(തീയതി 31.03.2022)**

ശ്രീ. നീലകണ്ഠൻ നായർ. കെ,
CRA-46A, തുമ്പറലെയ്ൻ, ജി.പി.ഒ,
തിരുവനന്തപുരം,
പിൻ- 695 001.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഫാമിലി കോടതി, തിരുവനന്തപുരം.

എതിർകക്ഷികൾ

2. അപ്പീൽ അധികാരി &
ഫാമിലി കോടതി, തിരുവനന്തപുരം.

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 18.02.2020 ൽ ഒന്നാം എതിർകക്ഷിക്ക് നൽകിയ വിവരാവകാശ അപേക്ഷയിൽ ഒന്നാം എതിർകക്ഷിയുടെ ഓഫീസായ തിരുവനന്തപുരം കുടുംബ കോടതിയിൽ പ്രസിദ്ധീകരിച്ച താൽക്കാലിക ഫാമിലി കൗൺസിലർമാരുടെ റാങ്ക് ലിസ്റ്റ് സംബന്ധിച്ച് 11 വിവരങ്ങൾ ആവശ്യപ്പെട്ടിട്ട് വിവരാവകാശ നിയമം (കീഴ്കോടതികളും ട്രിബ്യൂണലുകളും) ചട്ടങ്ങൾ 2006 ചട്ടം 13 പ്രകാരം നൽകാൻ കഴിയില്ല

എന്നു മറുപടി നൽകിയെന്നും, എന്നാൽ ഒന്നാം അപ്പീലിന് രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ ഒന്നു മുതൽ നാലു വരെ ചോദ്യങ്ങൾക്കുള്ള മറുപടി നൽകാവുന്നതാണെന്നും ബാക്കി ചോദ്യങ്ങൾക്കുള്ള മറുപടി നേരത്തെ പറഞ്ഞ റൂൾ 13 പ്രകാരം നൽകാൻ കഴിയില്ല എന്നുമാണ്.

2. കമ്മീഷന്റെ നിർദ്ദേശപ്രകാരം രണ്ടാം എതിർകക്ഷി 29.12.2020 ൽ നൽകിയ റിപ്പോർട്ടിലും ഇതേ കാര്യം തന്നെയാണ് സൂചിപ്പിച്ചിട്ടുള്ളത്.

3. ഇതിനുശേഷം കമ്മീഷൻ 31.03.2022 ൽ കമ്മീഷൻ ആസ്ഥാനത്ത് ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി. വിവരാവകാശ നിയമം (കീഴ്കോടതികളും ട്രിബ്യൂണകളും) 2006 ചട്ടം 13 പ്രകാരം ആണ് വിവരങ്ങൾ നൽകാതിരുന്നതെന്നും, എന്നാൽ ഒന്നാം അപ്പീൽ പരിഗണിച്ചപ്പോൾ അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയിലെ ആദ്യത്തെ 4 ചോദ്യങ്ങൾ കോടതിയുടെ നടപടിക്രമത്തിന്റെയോ, പോളിസിയുടെയോ ഭാഗമായി വരുന്നതല്ല എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആ 4 ചോദ്യങ്ങൾക്കുള്ള മറുപടി നൽകുകയാണ് ചെയ്തതെന്നും, 5 മുതൽ 11 വരെയുള്ള ചോദ്യങ്ങൾ നേരത്തെ പറഞ്ഞ റൂൾ 13 പ്രകാരം നൽകാൻ കഴിയാത്തതാണെന്നും, അതുകൊണ്ടാണ് ആയവ നൽകാതിരുന്നതെന്നും ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു. വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയപ്പോൾ ഇവയെല്ലാം റൂൾ 13 ന്റെ പരിധിയിൽ വരുന്നതാണ് എന്ന ധാരണയിലാണ് എല്ലാ ചോദ്യങ്ങൾക്കുമുള്ള മറുപടി നിഷേധിച്ചതെന്നും, എന്നാൽ ഒന്നാം അപ്പീലധികാരിയുടെ തീർപ്പിനുശേഷം ആദ്യ 4 ചോദ്യങ്ങൾ റൂൾ 13 ൽ വരില്ല എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് അവയ്ക്കുള്ള മറുപടി മാത്രമായി നൽകിയതെന്നും ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു.

4. ഒന്നാം എതിർകക്ഷിയുടെ മൊഴിയും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. ഒന്നാം എതിർകക്ഷി പറയുന്ന കാര്യങ്ങൾ വസ്തുതാപരമാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ഒന്നാം അപ്പീലിനുശേഷം മറുപടി നൽകിയ ആദ്യത്തെ 4 ചോദ്യങ്ങൾ റൂൾ

13 ന്റെ പരിധിയിൽ വരുന്നതല്ല എന്ന കാര്യം പരാമർശിത കാലയളവിലെ എസ് .പി.ഐ.ഒ മനസിലാക്കേണ്ടതായിരുന്നു. എന്നാൽപ്പോലും മന:പൂർവ്വമല്ലാതെ സംഭവിച്ച പിഴവായതുകൊണ്ട് ഇക്കാര്യത്തിൽ കമ്മീഷൻ മറ്റു നടപടികളിലേക്ക് കടക്കുന്നില്ല.

5. ഇതെല്ലാം പരിഗണിച്ച് അപ്പീൽ ഹർജിയിൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേദിവസം 31.03.2022 ന് ഉത്തരവാകുന്നു.

**(ഒപ്പ്)**

**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re